(ഡി) നഗരസഭകൾക്ക് ആവശ്യമായ ജീവനക്കാരെ ലഭിക്കുന്നതിനും വരുമാനം വർദ്ധിപ്പിക്കാനുമായി ഗ്രേഡിംഗിനെ എങ്ങനെ പ്രയോജനപ്പെടുത്താനാണുദ്ദേശിക്കുന്നത് ; വിശദാംശങ്ങൾ വ്യക്തമാക്കുമോ ?

ഉത്തരം

(എ) നിലവിലുണ്ട്. സംസ്ഥാനത്തുള്ള നഗരസഭകളുടെ ഗ്രേഡ് തിരിച്ചുള്ള വിവരം ഇപ്രകാരമാണ്.

മുനിസിപ്പൽ കോർപ്പറേഷനുകൾ - 5

ഒന്നാം ഗ്രേഡ് മുനിസിപ്പാലിറ്റികൾ - 13

രണ്ടാം ഗ്രേഡ് മുനിസിപ്പാലിറ്റികൾ - 22

മൂന്നാം ഗ്രേഡ് മുനിസിപ്പാലിറ്റികൾ - 25

(ബി) നഗരസഭകളുടെ തനത് ഫണ്ടിനത്തിലുള്ള വാർഷിക വരുമാനത്തിന്റെ അടിസ്ഥാനത്തിലാണ് ഗ്രേഡിംഗ് നടത്തിയിട്ടുള്ളത്.

(സി&ഡി) ഈ വിഷയം സർക്കാർ പരിശോധിച്ചുവരുന്നു. അന്തിമ തീരുമാനമെടുത്തിട്ടില്ല.

ഓൺലൈനായി കെട്ടിടനിർമ്മാണ പെർമിറ്റിനുള്ള അപേക്ഷകൾ

64 (7361) ശ്രീ. വർക്കല കഹാർ :
ശ്രീ. റ്റി. എൻ. പ്രതാപൻ :
ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ :
ശ്രീ. പാലോട് രവി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നഗരങ്ങളിൽ കെട്ടിടനിർമ്മാണ പെർമിറ്റിനുള്ള അപേക്ഷകൾ ഓൺലൈനിൽ സ്വീകരിക്കുന്ന സംവിധാനത്തിന് തുടക്കം കുറിച്ചിട്ടുണ്ടോ ; വിശദമാക്കുമോ ;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാനുദ്ദേശിക്കുന്നത് ; വിശദാംശങ്ങൾ നൽകുമോ ;

(സി) പ്രസ്തുത സംവിധാനംവഴി കെട്ടിടനിർമ്മാണ പെർമിറ്റിനുള്ള കാലതാമസം എത്രമാത്രം ഒഴിവാക്കാനാണ് ലക്ഷ്യമിട്ടിട്ടുള്ളത് ; വിശദമാക്കുമോ ;

(ഡി) ഇതിനായി ഭരണതലത്തിൽ എന്തെല്ലാം സംവിധാനങ്ങൾ ഒരുക്കിയിട്ടുണ്ട് ; വിശദാംശങ്ങൾ ലഭ്യമാക്കുമോ ?

ഉത്തരം

(എ) സംസ്ഥാനത്തെ മുഴുവൻ നഗരസഭകളിലും 1-7-2014 മുതൽ കെട്ടിട നിർമ്മാണ പെർമിറ്റിനുള്ള അപേക്ഷകൾ ഓൺലൈനിൽ സ്വീകരിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. ഇൻഫർമേഷൻ കേരള മിഷൻ വികസിപ്പിച്ചെടുത്തിട്ടുള്ള 'സങ്കേതം' എന്ന ആപ്ലിക്കേഷൻ സോഫ്റ്റ് വെയർവഴിയാണ് ഈ സേവനം ലഭ്യമാകുന്നത്.

LIBRARY ARCHIVES Kerala Legislative Assembly

(ബി-ഡി) കെട്ടിടനിർമ്മാണ അനുമതി നൽകുന്നത് കൂടുതൽ കൃത്യമായും സുഗമമായും കാര്യക്ഷമവുമായി നടപ്പിലാക്കുക എന്നതാണ് 'സങ്കേതം' എന്ന ആപ്ലിക്കേഷൻ സോഫ്റ്റ് വെയർവഴി സർക്കാർ ഉദ്ദേശിക്കുന്നത്. ഓൺലൈനായി നൽകുന്ന അപേക്ഷകൾ ബന്ധപ്പെട്ട ഓഫീസർ പരിശോധിച്ച് ഇതേ സോഫ്റ്റ് വെയറിലൂടെതന്നെ ഓൺലൈനായി അംഗീകാരം നൽകുന്നതിനാൽ കാലതാമസം നേരിടുന്നില്ല. നിലവിലുള്ള കെട്ടിടനിർമ്മാണ ചട്ടങ്ങൾ പ്രകാരം കെട്ടിടനിർമ്മാണാനുമതിക്കായി ലഭിക്കുന്ന അപേക്ഷകൾ 30 ദിവസത്തിനകം തീർപ്പാക്കണമെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. എന്നാൽ 'സങ്കേതം' ആപ്ലിക്കേഷൻ സോഫ്റ്റ് വെയറിലൂടെ നൽകുന്ന അപേക്ഷകൾ ബന്ധപ്പെട്ട ഓഫീസർ പരിശോധിച്ച് മുൻഗണനാ ക്രമത്തിൽ കൂടുതൽ വേഗത്തിലും കൃത്യതയോടെയും സുതാര്യമായും അംഗീകാരം നൽകുവാൻ കഴിയും. ഓൺലൈനായി കെട്ടിടനിർമ്മാണ പെർമിറ്റിനുള്ള അപേക്ഷകൾ സ്വീകരിക്കുന്നതിന് കെട്ടിടനിർമ്മാണ ചട്ടങ്ങളിൽ ഭേദഗതി വരുത്തിയിട്ടുണ്ട്. സംസ്ഥാനത്തെ എല്ലാ നഗരസഭകളിലേയും എഞ്ചിനീയറിംഗ് വിഭാഗം ജീവനക്കാർക്ക് ഓൺലൈനിൽ അപേക്ഷ സ്വീകരിക്കുന്നതിനുള്ള പരിശീലന പരിപാടികൾ സംഘടിപ്പിച്ചുവരുന്നു. കൂടാതെ ഇതിന്റെ പ്രവർത്തന പുരോഗതി വിലയിരുത്തുന്നതിനായി ചീഫ് ടൗൺ പ്ലാനർ, വിജിലൻസിനെ നോഡൽ ഓഫീസറായി നിയോഗിച്ചിട്ടുണ്ട്.

നഗരങ്ങളിലെ കെട്ടിടനിർമ്മാണ വ്യവസ്ഥകൾ

65 (7362) ശ്രീ. കെ. ശിവദാസൻ നായർ :
ശ്രീ. ഐ. സി. ബാലകൃഷ്ണൻ :
ശ്രീ. റ്റി. എൻ. പ്രതാപൻ :
ശ്രീ. ഹൈബി ഈഡൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാരിന്റെ കാലത്ത് നഗരങ്ങളിലെ കെട്ടിട നിർമ്മാണം സംബന്ധിച്ച വ്യവസ്ഥകളിൽ എന്തെല്ലാം പരിഷ്കാരങ്ങളാണ് വരുത്തിയിട്ടുള്ളത് ; വിശദമാക്കുമോ ;

(ബി) കെട്ടിടനിർമ്മാണം സംബന്ധിച്ച് നിലവിലുണ്ടായിരുന്ന വ്യവസ്ഥകളിൽ എന്തെല്ലാം മാറ്റങ്ങളാണ് വരുത്തിയത് ; വിശദാംശങ്ങൾ വ്യക്തമാക്കുമോ ;

(സി) എന്തെല്ലാം നിയമനിർമ്മാണങ്ങളാണ് ഇതിനായി നടത്തിയത് ; വിശദമാക്കുമോ ?

ഉത്തരം

(എ & ബി) എസ്.ആർ.ഒ. നമ്പർ 80/2013 ആയിട്ടുള്ള കേരള മുനിസിപ്പാലിറ്റി കെട്ടിടനിർമ്മാണ ചട്ടങ്ങളിലെ ഭേദഗതികൾ പ്രകാരം പ്രധാനമായും അപേക്ഷകൾ ഇ-ഫയലിംഗ് സിസ്റ്റം പ്രകാരം സമർപ്പിക്കുന്നതിനും ചില

LIBRARY ARCHIVES Kerala Legislative Assembly